3158
19/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കോഴിക്കോട് റൂറൽ ഫറോക്ക് ICDS പ്രോജക്റ്റ് ഓഫീസ് കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.136/2015/സാനീവ തിരുവനന്തപുരം, തീയതി. 11.03.2015

==========================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 5/3/2013 ലെ ICDS-A2-34094/12 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള കോഴിക്കോട് (റൂറൽ ) ICDS പ്രോജക്റ്റ് ഓഫീസ് പ്രവർത്തിച്ചുവരുന്ന പൊന്നംപറമ്പത്ത് കോംപ്ലക്സിലെ FP 6/68 K, FP6/68 L നമ്പരുകളിലുള്ള കെട്ടിടത്തിന്റെ വാടക 1/8/2000 മുതൽ പ്രതിമാസം 3197/- രൂപയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത വാടക അപര്യാപ്തമാണെന്നും ആയത് വർദ്ധിപ്പിക്കണമെന്ന് കെട്ടിടം ഉടമസ്ഥൻ അപേക്ഷിച്ചിട്ടുണ്ടെന്നും ഇക്കാര്യം പരിശോധിച്ച് ഉത്തരവാകണമെന്നും പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് (റൂറൽ) ICDS ഓഫീസ് പ്രവർത്തിക്കുന്ന FP6/68 K, FP6/68 L എന്നീ നമ്പരുകളിലുള്ള കെട്ടിടത്തിന്റെ വാടക 1.8.2000 മുതൽ 31.7.2005 വരെ പ്രതിമാസം 6000/- രൂപ, 1.8.2005 മുതൽ 31.7.2010 വരെ പ്രതിമാസം 8000/- രൂപ, 1.8.2010 മുതൽ 31.7.2015 വരെ പ്രതിമാസം 10,000/- രൂപ എന്ന നിരക്കുകളിൽ പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എൽ എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

പൊതുമരാമത്ത് വകുപ്പ് (24747/E3/14/PWD നമ്പർ ഫയൽ പ്രകാരം)
വെബ് & ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ